VIII. മുഖ്യമന്ത്രിയുടെ പ്രസ്താവന

കൊപ്ര, റബ്ബർ, കൊക്കോ, ഇറക്കുമതി ചെയ്യുന്നതിനെ സംബന്ധിച്ച് പ്രധാനമന്ത്രിയുമായി കേരളാ ഡെലിഗേഷൻ നടത്തിയ ചർച്ച

മുഖ്യമന്ത്രി (ശ്രീ. ഇ. കെ. നായനാർ:) സ്പീക്കർ സർ, കേരളാ അസംബ്ലി ജൂലൈ 22-ാം തീയതി പാസാക്കിയ പ്രമേയം അടിസ്ഥാനമാക്കി പ്രധാനമന്ത്രിയെ സന്ദർശിക്കാൻവേണ്ടി ഇന്നലെയായിരുന്നു സമയം നിശ്ചയിച്ചിരുന്നത്. കേരളത്തിലെ എല്ലാ പാർട്ടിയിലുംപെട്ട പന്ത്രണ്ട് എം. എൽ. എ. മാരും ഞാനും ഉൾപ്പെടെ ഇന്നലെ പ്രധാനമന്ത്രിയെ കണ്ട് സംസാരിക്കുകയുണ്ടായി. കേരള അസംബ്ലി അംഗീകരിച്ച പ്രമേയങ്ങളും അതിന്റെ വസ്തുതകളെ വിശദീകരിച്ചുകൊണ്ടുള്ള മെമ്മോറാണ്ടങ്ങളും പ്രധാനമന്ത്രിക്ക് സമർപ്പിച്ചു. അതായത് 22-7-1981-ൽ കേരള നിയമസഭ പാസാക്കിയ പ്രമേയത്തിന്റെയും എടുത്ത തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ സഭയിലെ പന്ത്രണ്ടംഗ പ്രതിനിധിസംഘം മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 24-8-1981-ൽ പ്രധാനമന്ത്രിയെ സന്ദർശിച്ചു നിവേദനം നടത്തുകയും മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തു. വെളിച്ചെണ്ണ, കൊപ്ര, റബർ, കൊക്കോ എന്നിവ ഇറക്കുമതി ചെയ്യാൻ കേന്ദ്രഗവൺമെന്റ് കൈക്കൊണ്ട തീരുമാനവും തേയിലക്ക് അന്താരാഷ്ട്രീയ വിപണിയിൽ ഉണ്ടായ വിലയിടിവുമൂലം തേയില വ്യവസായം നേരിടുന്ന പ്രതിസന്ധിയും കാരണം സംസ്ഥാനത്തിന്റെ സാമ്പത്തിക നിലയെ തീർത്തും പ്രതികൂലമായി ബാധിച്ചിരിക്കുന്ന സ്ഥിതിവിശേഷത്തിലേക്ക് പ്രധാനമന്ത്രിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുകയും ഈ പ്രശ്നങ്ങൾക്കൊക്കെ പരിഹാരം തേടുകയുമായിരുന്നു ഈ പ്രതിനിധിസംഘത്തിന്റെ ലക്ഷ്യം. ഈ ഘട്ടത്തിൽതന്നെ ഖുർഷിദാലിഖാൻ രാജ്യസഭയിൽ നൽകിയിട്ടുള്ള മറുപടിയും അവിടെ പരാമർശിക്കുകയുണ്ടായി. വെളിച്ചെണ്ണ, ഗ്രാമ്പൂ, കൊക്കോ, റബർ ഇവയെല്ലാം ഇറക്കുമതി ചെയ്യലാണ് ഗവൺമെന്റിന്റെ നയമെന്നും അത് നിശ്ചയിച്ചിട്ടുണ്ടെന്നും അദ്ദേഹം രാജ്യസഭയിൽ രണ്ടുദിവസം മുമ്പ് മറുപടി നൽകിയിട്ടുള്ളത് ഇവിടത്തെ പത്രങ്ങളിലും മറ്റു പത്രങ്ങളിലും വന്നിരുന്നു. ആ പേപ്പർ കട്ടിംഗ് എന്റെ കൈയിൽ ഉണ്ടായിരുന്നു. പ്രധാനമന്ത്രിയുടെ മുമ്പാകെ ഞാൻ അതു വായിച്ചു. അപ്പോഴും ഗവൺമെന്റിന്റെ പോളിസി മൗലികമായി മാറണം ഇതാണോ ഗവൺമെന്റിന്റെ പോളിസി എന്ന് ഞാൻ ആരായുകയുണ്ടായി. ഖുർഷിദാലിഖാന്റെ ഈ പ്രസ്താവന രാജ്യസഭയിലെ നമ്മുടെ മെമ്പറൻമാരുടക്കം കേട്ടിട്ടുണ്ട്. ഈ അടിസ്ഥാനത്തിൽ ഈ പോളിസി അല്ല എന്നാണ് ഞാൻ വിശ്വസിച്ചത്. പക്ഷെ കേന്ദ്രമന്ത്രിയാണ് രാജ്യസഭയിൽ ഇത്തരമൊരു മറുപടി നൽകിയത്. ഇതിനെ സംബന്ധിച്ച് ശ്രീ. സ്റ്റീഫനോട് ഞാൻ പോകുന്നതിനു മുമ്പ് സംസാരിച്ചിരുന്നു. ശ്രീ. സ്റ്റീഫൻ അതിനു പറഞ്ഞ മറുപടി അതിനെപ്പറ്റിയുള്ള വിവരം കുറവാണെന്നായിരുന്നു. അദ്ദേഹം കേരളത്തെപ്പറ്റി ഈ രീതിയിൽ ആലോചിച്ചിട്ടുണ്ടാവില്ല എന്നാണ് ഈ മറുപടിയിൽനിന്നും മനസ്സിലാകുന്നത്. പക്ഷെ പ്രധാനമന്ത്രി ഇതു സംബന്ധിച്ചുള്ള വിവരങ്ങളെല്ലാം കേട്ടു.

ഇറക്കുമതി പ്രശ്നത്തിന് പരിഹാരം തേടുകയായിരുന്നു പ്രതിനിധിസംഘത്തിന്റെ ലക്ഷ്യം. പ്രമേയത്തിന്റെ ചർച്ചാവേളയിൽ ഈ സഭ പ്രകടിപ്പിച്ച വികാരങ്ങളാകെ ഉൾക്കൊണ്ടുകൊണ്ട് ഇറക്കുമതിയോടുള്ള കേന്ദ്ര

LIBRARY ARCHIVES Kerala Legislative Assembly

തീരുമാനം സംസ്ഥാനത്തെ കൃഷിക്കാരേയും സംസ്ഥാനത്തെ സാമ്പത്തിക നിലയെയും എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്ന് വസ്തുതകൾ നിരത്തിവച്ചുകൊണ്ടു പ്രധാനമന്ത്രിയെ ബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ പരമാവധി പരിശ്രമിച്ചു. കൊപ്രാ ഇറക്കുമതിയുടെ കണക്കാണെങ്കിൽ 1980 നവംബറിൽ 1,800 ലധികം ടണ്ണായിരുന്നത് 1981 ആഗസ്റ്റ് ആകുമ്പോൾ 1,300 ടണ്ണായിട്ട് കുറഞ്ഞു. ഇത്തരത്തിലുള്ള ഒരു സ്റ്റാറ്റിസ്റ്റിക്സാണ് നമ്മുടെ കൈയിൽ ഉണ്ടായിരുന്നത്. ആ സ്റ്റാറ്റിസ്റ്റിക്സൊക്കെ നിരത്തി വയ്ക്കുകയുണ്ടായി. അതുപോലെതന്നെ റബറിന്റെ ഇറക്കുമതിയുടെ കണക്കും. കൊക്കോയുടെ കാര്യമാണെങ്കിൽ 1200 മെട്രിക് ടൺ കൊക്കോ മാത്രമാണ് കേരളത്തിന് ആവശ്യമുള്ളത്. 1980-ൽ ഇതിൽ അയ്യായിരത്തിലധികം ടൺ ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. അത് പതിനൊന്നായിരം ടണ്ണായിട്ട് വർദ്ധിപ്പിക്കാൻ പോവുകയാണ്. ഈ അടിസ്ഥാനത്തിൽ 1980-82-ലെ കണക്ക് നിരത്തി വയ്ക്കുകയുണ്ടായി. കഴിഞ്ഞ വർഷം ജൂണിൽ കൊപ്രയും റബ്ബറും ഇറക്കുമതി ചെയ്യാൻ കേന്ദ്രം എടുത്ത തീരുമാനത്തെത്തുടർന്ന് ഇതുപോലെ ഒരു സർവകക്ഷി നിവേദകസംഘം പ്രധാനമന്ത്രിയെ കണ്ടു മെമ്മോറാണ്ടം സമർപ്പിച്ചിരുന്നു. അതിനുമുമ്പ് ഞാൻ പ്രണാബ് മുക്കർജിക്ക് ഒരു മെമ്മോറാണ്ടം കൊടുത്തിരുന്നു. മേലാൽ ഇറക്കുമതി ചെയ്യുകയില്ലെന്ന് അന്ന് പ്രണാബ് മുക്കർജി ഉറപ്പു തന്നിരുന്നു. ഈ ഉറപ്പിന്റെ അനുഭവം എന്താണെന്ന് കേരള അസംബ്ലിയിൽ നടന്ന ചർച്ചയിൽ വ്യക്തമാണ്. കേരളത്തിന്റെ താൽപര്യത്തിന് എതിരായ നടപടി ഉണ്ടാവില്ലെന്ന് അന്ന് നമുക്ക് ഉറപ്പു ലഭിച്ചെങ്കിലും ഫലത്തിൽ അത് പാലിക്കപ്പെട്ടിട്ടില്ല. ഈ അസംബ്ലിയിലും ഈ പ്രശ്നം വന്നതാണ്. പ്രധാനമന്ത്രിയുമായി നമ്മൾ ചർച്ച നടത്തിയ അവസരത്തിൽ പ്രണാബ് മുക്കർജിയെ കാണുന്നുണ്ടോ എന്ന് പ്രധാനമന്ത്രി ചോദിച്ചു. രണ്ടു കൊല്ലത്തെ അനുഭവം കൊണ്ട് അദ്ദേഹത്തെ കണ്ടതുകൊണ്ട് വലിയ പ്രയോജനമില്ല എന്ന് ഞാൻ പറഞ്ഞു. കഴിഞ്ഞ വർഷം കശുവണ്ടിയുടെ കാനലൈസേഷൻ നടത്തുകയില്ല എന്ന് അദ്ദേഹം ഉറപ്പു തന്നിരുന്നു. അതും ഈ അസംബ്ലിയിൽ ചർച്ച ചെയ്തതാണ്. കശുവണ്ടിയുടെ കാര്യത്തിൽ വ്യക്തികൾക്ക് ഇറക്കുമതി ചെയ്യാനുള്ള ലൈസൻസ് കൊടുത്തു. കൊപ്ര ഇറക്കുമതി ചെയ്യുകയില്ലെന്ന് ഉറപ്പു തന്നതാണ്. എന്നിട്ട് അതിനെ ലംഘിച്ചു. പ്രതിപക്ഷനേതാവടക്കം ഉറപ്പു തന്നതാണ്, ഈ അസംബ്ലിയിൽ പറഞ്ഞതുമാണ്. അതിനുശേഷമാണ് ഇറക്കുമതി നടന്നത്. അതുകൊണ്ടാണ് ഞാൻ പ്രധാനമന്ത്രിയോട് പറഞ്ഞത് അദ്ദേഹത്തെ കണ്ടതുകൊണ്ട് പ്രയോജനമില്ല. അദ്ദേഹം വാക്ക് ലംഘിക്കുന്ന ആളാണ് ഒന്നുരണ്ടു തവണ വയലേറു ചെയ്ത എക്സ്പീരിയൻസ് ഞങ്ങൾക്ക് ഉണ്ട്, അതുകൊണ്ടാണ് ഞങ്ങൾ പ്രധാനമന്ത്രിയെ കാണാൻ വന്നത് എന്ന്. ഇത് ഞാൻ വ്യക്തമായി പറഞ്ഞു. അതുകൊണ്ട് ഈ ഘട്ടത്തിൽ ഞങ്ങൾ അദ്ദേഹത്തെ കാണാൻ ഉദ്ദേശിക്കുന്നില്ല എന്ന്. കൊപ്രയും വെളിച്ചെണ്ണയും റബ്ബറും പ്രാമ്പും ഉൾപ്പെടെയുള്ള വസ്തുക്കൾ ഇറക്കുമതി ചെയ്യുമെന്ന് കഴിഞ്ഞ ആഴ്ച രാജ്യസഭയിൽ വാണിജ്യ സഹമന്ത്രി പ്രസ്താവിച്ച കാര്യം ഞങ്ങൾ വിശദമായിട്ട് പ്രധാനമന്ത്രിയോട് ചൂണ്ടിക്കാണിക്കുകയുണ്ടായി. എന്നാൽ ഇറക്കുമതി ഉണ്ടാവില്ല എന്ന ഒരു ഉറപ്പ് ഞങ്ങൾക്ക് പ്രധാനമന്ത്രിയിൽനിന്ന് ലഭിച്ചില്ല. എന്നാൽ ഞങ്ങൾ പറഞ്ഞ കാര്യങ്ങൾ അവർ ശ്രദ്ധയോടെ കേൾക്കുകയും വിശദവിവരങ്ങൾ ചോദിച്ചറിയുകയും ചെയ്തു. ഈ പ്രശ്നം വിശദമായിത്തന്നെ പരിശോധിക്കുന്നതാണെന്ന് പ്രധാനമന്ത്രി ഉറപ്പു നൽകിയിട്ടുണ്ട്. ഇറക്കുമതി ചെയ്യുകയില്ലെന്നല്ല ഞങ്ങൾ ആവശ്യപ്പെട്ടിട്ടുള്ള കാര്യങ്ങൾ വിശദമായി പരിശോധിക്കുന്നതാണെന്ന ഉറപ്പാണ് നൽകിയത്.

LIBRARY ARCHIVES Kerala Legislative Assembly

അതേസമയം ഒരു കാര്യംകൂടി പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. വെളിച്ചെണ്ണ, കൊപ്ര, കൊക്കോ, റബ്ബർ എന്നിവ ഇറക്കുമതി ചെയ്യുമ്പോൾ കേരള ഗവൺമെൻറുമായി ആലോചിക്കുന്നതാണെന്ന് അന്നത്തെ പ്രധാനമന്ത്രി കേരള ഗവൺമെൻറിനു നൽകിയ ഉറപ്പും പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. വെളിച്ചെണ്ണയും റബ്ബറും ഇറക്കുമതി ചെയ്യുമ്പോൾ കേരള ഗവൺമെൻറുമായി ആലോചിക്കുന്നതാണെന്ന് 1978-ലെ അഷ്വറൻസ് ഉള്ളത് അന്നത്തെ ഡോക്കുമെൻറ് പരിശോധിച്ചപ്പോൾ എനിക്ക് മനസ്സിലാക്കാൻ കഴിഞ്ഞു. ഇത്തരത്തിൽ ഒരു അഷ്വറൻസ് ഞങ്ങൾക്ക് വേണം എങ്കിൽ മാത്രമേ കേരള കർഷകരുടെ നട്ടെല്ല് തകർക്കുന്ന ഈ ഇറക്കുമതി നയത്തെ തിരുത്തുന്നതിന് സഹായകരമാകുകയുള്ളൂ എന്നും ഞങ്ങൾ പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി. ഈ പ്രശ്നങ്ങൾക്ക് പുറമെ മാർച്ച് മാസം കേരള അസംബ്ലി ഐകകണ്ഠ്യേന പാസാക്കിയ കൈത്തറിയെ സംബന്ധിച്ചുള്ള മെമ്മോറാണ്ടവും ഞങ്ങൾ തയ്യാറാക്കിയിരുന്നു. അതായത് റിബേറ്റ് രണ്ട് മാസമാക്കുക. അതുപോലെതന്നെ മറ്റൊരു സംഗതികൂടി ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തമിഴ്നാട്ടിൽ ഇപ്പോൾ ചുരുങ്ങിയ റേറ്റിൻറെ അടിസ്ഥാനത്തിൽ പഞ്ഞിനൂലുണ്ടാക്കുന്ന വ്യവസായികൾക്ക് കൊടുക്കുന്നു. മഹാരാഷ്ട്ര കോർപ്പറേഷനിൽനിന്നാണ് അവർ പഞ്ഞി വാങ്ങുന്നത്. ആ അടിസ്ഥാനത്തിൽ ചുരുങ്ങിയ വിലക്ക് കൊടുത്താൽ ആ ചുരുങ്ങിയ വിലയ്ക്കുള്ള നൂല് ഹാൻഡ്ലൂമിലേക്ക് കൊടുക്കാൻ സഹായിക്കുന്ന ഒരു പ്ലാൻ ഇപ്പോൾ ആവിഷ്കരിച്ചിട്ടുണ്ട്. ആ പദ്ധതി കേരളത്തിലും നടപ്പിലാക്കണം. കേരളത്തിലെ മില്ലുടമകൾക്കും കുറഞ്ഞ വിലയ്ക്ക് നൂല് കിട്ടത്തക്ക വിധത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കണം എന്നും ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. തൊഴിലില്ലാത്തവർക്ക് സഹായം നൽകുക, റിബേറ്റ് രണ്ടുമാസമാക്കുക, കെട്ടിക്കിടക്കുന്ന തുണി വിറ്റഴിക്കുക ഈ കാര്യങ്ങളെ സംബന്ധിച്ചെല്ലാം ആ മെമ്മോറാണ്ടത്തിൽ ഞങ്ങൾ സവിസ്തരം പ്രതിപാദിച്ചിട്ടുണ്ട്. കഴിഞ്ഞ മാർച്ചിലാണ് ഹാൻഡ്ലൂമിനെപ്പറ്റിയുള്ള പ്രമേയം കേരള അസംബ്ലി ഐകകണ്ഠ്യേന പാസാക്കിയത്. കുരുമുളക് ഇറക്കുമതിയുടെ കാര്യം ഈ കഴിഞ്ഞ അസംബ്ലി പ്രമേയത്തിനുശേഷം വന്നതാണ്. അതായത് കുരുമുളക് ഇറക്കുമതി ചെയ്യാൻ പോകുന്നു എന്ന് മറ്റ് പത്രങ്ങളിലൊന്നും പ്രചരണം ഇല്ലെങ്കിലും അതിൻറെ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ബോംബെയിൽ 11-ാം തീയതി യോഗം ചേർന്ന് പ്രത്യേക തരത്തിലുള്ള കുരുമുളക് ഇറക്കുമതി ചെയ്യാനുള്ള പ്രപ്പോസൽ റക്കമെൻറ് ചെയ്തിട്ടുണ്ട്. It is necessary to import Olio Resin എന്നാണ്. വ്യാവസായികോൽപ്പന്നങ്ങൾക്ക് അവശ്യമായിട്ടുള്ള പ്രത്യേക തരത്തിലുള്ള മൂപ്പെത്താത്ത കുരുമുളക് ആവശ്യമാണെന്നും അതിന് പുറം രാജ്യങ്ങളിൽനിന്നും ഇറക്കുമതി ആവശ്യമാണെന്നും പ്രപ്പോസൽ റക്കമെൻറേഷനിൽ എക്സ്പോർട്ട് പ്രൊമോഷൻ കൗൺസിൽ ബോംബെയിൽ സമ്മേളിച്ച ആഗസ്റ്റ് പതിനൊന്നാം തീയതി അംഗീകരിച്ചിട്ടുണ്ട്. ഇന്ത്യക്ക് ആവശ്യമുള്ള കുരുമുളകിൻറെ 80 ശതമാനവും ഉണ്ടാക്കുന്നത് കേരളത്തിലാണ്. കേരളത്തിൽനിന്നാണ് ഇത് എക്സ്പോർട്ട് ചെയ്യുന്നത്. ഇവിടെ ഉണ്ടാകുന്നതിൻറെ 80 ശതമാനവും എക്സ്പോർട്ട് ചെയ്യുകയാണ്. ഇതിൻറെകൂടി ഇംപോർട്ടും കൂടിവന്നു കഴിഞ്ഞാൽ കേരളത്തിലെ കുരുമുളക് കൃഷിക്കാരൻറെ നട്ടെല്ല് ഒടിയുന്നതിന് സമമാണ്. കേരളത്തിലെ കാർഷികോൽപ്പന്നങ്ങളായ വെളിച്ചെണ്ണ, റബ്ബർ, തേയില, കൊക്കോ, കുരുമുളക് ഇവ ഇറക്കുമതി ചെയ്യുന്നതുമൂലം നാട്ടിൻപുറത്തെ കൃഷിക്കാരനെയാകെ തകർക്കുന്നതിലേക്കാണ് ഈ ഇംപോർട്ട് പോളിസി ഗവൺമെൻറ് എടുത്തിട്ടുള്ളത്

LIBRARY ARCHIVES Kerala Legislative Assembly

എന്നുള്ളതുകൊണ്ട് അത് തിരുത്തണമെന്നും മാരോഷ്ട്രത്തിലും നൽകിയ ഉറപ്പ് പാലിക്കണമെന്നും ഇംപോർട്ട് ചെയ്യുന്ന സമയത്ത് ഞങ്ങളുമായി ആലോചിക്കണമെന്നും പ്രധാനമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഈ സംഗതികളെല്ലാം വിശദമായി ചർച്ച ചെയ്യുകയും ചില കാര്യങ്ങൾ പ്രധാനമന്ത്രി ചോദിച്ചറിയുകയും ചെയ്തു. ചർച്ച സൗഹാർദ്ദപൂർവമായിരുന്നു. ഇതു സംബന്ധിച്ചുള്ള എല്ലാ പ്രശ്നങ്ങളെക്കുറിച്ചും വിശദമായി പരിശോധിക്കാമെന്ന് പ്രധാനമന്ത്രി മറുപടി നൽകി. അനുകൂലമായിട്ടുള്ള നടപടിക്രമങ്ങൾ ഉണ്ടാകുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു എന്നു പറഞ്ഞാണ് ഞങ്ങൾ അവസാനിപ്പിച്ചത്.

മി. സ്പീക്കർ: സഭ അനിശ്ചിത കാലത്തേക്ക് പിരിയുന്നതാണ്.

1.31-ന് സഭ പിരിഞ്ഞു.

SECRETARIAT OF THE KERALA LEGISLATURE

NOTIFICATION

No. 5268/LA1/81 *Dated, Trivandrum 15th September, 1981*

In exercise of the powers conferred by sub-clause (a) of clause 2 of Article 174 of the Constitution of India, as amended, the Governor of the State of Kerala hereby prorogues the Sixth Session of the Sixth Kerala Legislative Assembly with effect from September 14, 1981.

(ഭേദഗതി വരുത്തപ്പെട്ട) ഇൻഡ്യൻ ഭരണഘടനയുടെ 174-ാം അനുച്ഛേദം 2-ാ ഖണ്ഡം (എ) ഉപഖണ്ഡം നൽകുന്ന അധികാരങ്ങൾ വിനിയോഗിച്ച് കേരള സംസ്ഥാന ഗവർണ്ണർ ആറാം കേരള നിയമസഭയുടെ ആറാം സമ്മേളനം 1981 സെപ്റ്റംബർ 14-ാം തീയതി മുതൽ സമാപിപ്പിച്ചിരിക്കുന്നു.

By order of the Governor,

DR. R. PRASANNAN,
Secretary,
Legislative Assembly.

LIBRARY ARCHIVES Kerala Legislative Assembly